## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1037:** **11.7.2011 ന് മറുപടിക്ക്**

### ഐ.ടി.ഐ.കൾ മികവിന്റെ കേന്ദ്രങ്ങൾ

**ചോദ്യം.** **ഉത്തരം**

ശ്രീ. ജെയിംസ് മാത്യു

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

(എ) ഐ.ടി.ഐ.കൾ 'മികവിന്റെ കേന്ദ്ര'മാക്കി മാറ്റുന്ന പദ്ധതി എന്നാണ് ആരംഭിച്ചത്;

(എ) ഐ.ടി.ഐ. കളെ ആഭ്യന്തര ധനസഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി 2005-06 ലും ലോകബാങ്ക് ധനസഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി 2006-07 ലും പൊതു സ്വകാര്യ പങ്കാളിത്തത്തോടെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി 2007-08 ലും ആരംഭിക്കുകയുണ്ടായി.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ഐ.ടി.ഐ. കളാണ് മികവിന്റെ കേന്ദ്രമായി മാറ്റിയത്; ഇതിലേക്കായി കേന്ദ്ര സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആഭ്യന്തര സഹായത്തോടെ 5 ഐ.ടി.ഐ. കളെയും ലോകബാങ്ക് ധനസഹായത്തോടെ 7 ഐ.ടി.ഐ. കളെയും പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 8 ഐ.ടി.ഐ. കളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. ഇവയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

ആഭ്യന്തര ധനസഹായ പദ്ധതി : 05.74 കോടി രൂപ (ഗ്രാന്റ്)
ലോകബാങ്ക് ധനസഹായ പദ്ധതി : 15.28 കോടി രൂപ (ഗ്രാന്റ്)
പൊതുസ്വകാര്യ പങ്കാളിത്ത ധനസഹായ പദ്ധതി : 20.00 കോടി രൂപ (പലിശരഹിത വായ്പ)

(സി) പുതിയ ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ടോ;

(സി) അനുവദിക്കുന്നില്ല.

(ഡി) 'മികവിന്റെ കേന്ദ്രം' പദ്ധതി എത്ര ഐ.ടി.ഐ. കളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനാണുദ്ദേശിക്കുന്നത്;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് 20 ഐ.ടി.ഐ. കളിൽ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടുതൽ ഐ.ടി.ഐ. കളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നിലവിൽ പദ്ധതിയില്ല.

(ഇ) കേരളത്തിന്റെ പ്രത്യേകതകളും ആവശ്യകതകളും കണക്കിലെടുത്തുകൊണ്ടുള്ള കോഴ്സുകൾ 'മികവിന്റെ കേന്ദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) ഇത്തരത്തിലുള്ള നൂതനകോഴ്സുകൾ മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശങ്ങളൊന്നും തന്നെ നിലവിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ല. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നിലവാരം ഉയർത്തുന്ന പദ്ധതി ഒഴികെ മറ്റു രണ്ടു പദ്ധതികളിലും ഇനി ഐ.ടി.ഐ. കൾ ഉൾപ്പെടുത്തുന്നതിന് കഴിയില്ല. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നിലവാരം ഉയർത്തുന്നതിന് തിരഞ്ഞെടുക്കാൻ യോഗ്യതയുള്ള സർക്കാർ ഐ.ടി.ഐ. കൾ ഇപ്പോൾ നിലവിലില്ല. ആയതിനാൽ നിലവിൽ ടി പദ്ധതി കൂടുതൽ ഐ.ടി.ഐ. കളിൽ വ്യാപിപ്പിക്കുന്നതിന് കഴിയില്ല.

സെക്ഷൻ ഓഫീസർ